(ഇ) സ്ഥാപനത്തിന്റെ വലിപ്പം, അടച്ചുതീർത്ത മൂലധനം, ആകെയുള്ള വാർഷിക ക്രയ-വിക്രയം (ആനുവൽ ടേൺ ഓവർ) ജീവനക്കാരുടെ എണ്ണം ഇൻട്രൻസിക് ലയബിലിറ്റി തുടങ്ങിയ മാനദണ്ഡങ്ങൾ കണക്കിലെടുക്കുമ്പോൾ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളേക്കാൾ തുലോം ചെറുതാണ് എന്നുള്ള കാരണത്താലാണ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ തലവന്മാർക്ക് കാലാകാലങ്ങളിൽ ബാധകമാക്കുന്ന ശമ്പള സ്കെയിലുകൾ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ തലവൻമാർക്കും അതേപടി നടപ്പാക്കാത്തത്.

(എഫ്) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ തലവന്മാർക്ക് കഴിഞ്ഞ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയത് 1-4-1997 മുതലാണ്. 5 കൊല്ലത്തിലൊരിക്കൽ ശമ്പളം പരിഷ്ക്കരിക്കുക എന്ന മാനദണ്ഡപ്രകാരം അവരുടെ അടുത്ത ശമ്പള പരിഷ്ക്കരണം 1-4-2002 മുതലേ നൽകേണ്ടതുള്ളൂ. അതുകൊണ്ട് ഈ ഉപചോദ്യം ഉദിക്കുന്നില്ല.

കാസർഗോഡ് ജില്ലാ ആശുപത്രി നിർമ്മിക്കാൻ ഫണ്ട് ലഭ്യമാക്കാൻ നടപടി

15 (1287) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലാ ആശുപത്രിക്കു വേണ്ടി കാഞ്ഞങ്ങാട് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ ഫണ്ട് ലഭിക്കാത്തതുകൊണ്ട് നിർത്തി വച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ആവശ്യമായ ഫണ്ടു ലഭ്യമാക്കി പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ പണി ഇതുവരെ നിറുത്തി വച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) നടപ്പു വർഷത്തെ ബഡ്ജറ്റിൽ ആശുപത്രി നിർമ്മാണത്തിന് 10,00,000 രൂപ അനുവദിച്ചിട്ടുണ്ട്. കൂടുതൽ ഫണ്ട് ആവശ്യമായി വരുന്ന സാഹചര്യത്തിൽ അത് അനുവദിക്കുന്ന കാര്യം സംസ്ഥാനത്തിന്റെ സാമ്പത്തിക പരിധിയ്ക്കകത്തു നിന്നുകൊണ്ട് പരിഗണിക്കാവുന്നതാണ്.

തയ്യൽ ടീച്ചർമാരുടെ സേവന-വേതന വ്യവസ്ഥ

16 (1288) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly